# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 706** **05.06.2018-ൽ മറുപടിക്ക്**

## കുന്ദമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

| | ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും ഇതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലേക്ക് കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ..എ ശ്രീ. പി.ടി.എ. റഹീം അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 79,05,000/- രൂപ അനുവദിച്ചിരുന്നു. ഈ പദ്ധതി പ്രകാരം നിയോജകമണ്ഡലത്തിൽ 9.29 കിലോമീറ്റർ സിംഗിൾ ഫേസ് OH ലൈൻ വലിച്ച് 304 ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിന് 52,33,861/- രൂപയാണ് എം.എൽ.എ-യുടെ വിഹിതത്തിൽ നിന്നു ചെലവായത്. |
| (ബി) | ഈ ഇനത്തിൽ ബാക്കി വന്ന തുക ഉപയോഗപ്പെടുത്തി മണ്ഡലത്തിൽ സുഗമമായ വൈദ്യുതി ലഭ്യമാക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കിയ പദ്ധതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി)<br>&<br>(സി) | ലഭിച്ചിട്ടുണ്ട്. ഒരു പദ്ധതിക്കു അനുവദിച്ചതിൽ ബാക്കി വന്ന തുക മറ്റൊരു പദ്ധതിക്കു അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | | |

Kemalle

സെക്ഷൻ ഓഫീസർ